NR-409 (GR.1600(BP))

# POLICE DEPARTMENT KERALA

**No. S2/21534/2017/PHQ**
Police Headquarters
Thiruvananthapuram
Date: 21.09.2018

## Executive Directive No. 41/2018

**Sub: Information Technology (IT) set-up in Kerala Police –reg.**

At present, the Kerala Police has the following Information Technology (Computer) Units and different duties are being performed by these Units. This ED is being issued to bring clarity about the functioning of these Units.

1. **Police Computer Centre (ICT Centre):** This is a specialized centre for police computerization. The centre is responsible for the management of the CCTNS Project handles software and the systems indigenously developed by the ICT, NCRB, MHA etc. relating to various computerization activities including data management. They also look after various Mobile Phone Applications developed/ procured by the Kerala Police; they look after the computerization of the offices under Kerala Police. They are responsible for management of the i-APS. They also advise the SPC on various computerization projects. In association with Telecommunication Unit, the centre also maintains computer resources of the Police Department all over the State.
2. **Cyber-Dome:** It is a PPP Model, looking after, mostly, cyber security aspects. It looks after certain cyber forensic aspects also. Software developers from Industry work with the Police to develop various programmes/ software/ analytical tools etc. which are used by various units in preventing Cyber Crime/

collection of Digital evidences/ analysis of social media etc. The Cyber-dome is not involved in any cyber crime investigation, but they give assistance to various officers in cyber crime investigation also. A number of subjects have been given to them for research/ development etc, which will be useful for Kerala Police. Any officer can contact the Cyber-Dome Nodal officer for seeking help during the investigation, in clarifying technical doubts, for conducting some analysis etc. The Nodal Officer directly reports to the SPC. Cyber-Domes are also being set-up in Kochi & Kozhikode and its activity will be similar to the Centre in Thiruvananthapuram. A few items like Social Media Monitoring Cell etc. will be entrusted with them initially.

3. **Hi-Tech Cell**: This is an informal set-up operating in the premises of PHQ under the supervision and control of ADGP (Crimes). This is manned by trained personnel having latest hardwares and softwares. IT related petitions received by the SPC gets technically analysed by this Cell. This Cell also helps the Cyber Cells of the Districts in various technology related matters. The Cell doest not have any investigation powers. It can conduct enquiries, analysis etc. relating to investigation purely on an informal basis. Officers can contact the Hi-tech Cell through ADGP (Crimes) for availing its services.

4. **District Cyber Cells**: Each Police District is having a District Cyber Cell. They are equipped with basic minimum hardware and software. The Cells are not Police Stations. They do have the powers of investigation. They can associate with the police stations in the Districts and the District Crime Branch during the investigation of Cyber Crimes and during the collection of digital evidence in other crimes. The **Cyber Cells henceforth shall report to the DPCs concerned through DySsP/ ACPs of District Crime Branch.**

5. **Cyber Crime Police Stations:** At present there is only one Police Station at Thiruvananthapuram under the Crime Branch having statewide jurisdiction. Important cases under IT Act are referred to them for investigation. After such cases are transferred to CBCID, the ADGP (Crimes) may allot such cases to the Cyber Crime Police Station at Thiruvnanthapuram. However recently the Govt. has sanctioned 3 more Cyber Crime Police Stations at Kochi, Thrissur and Kozhikode. They have not started functioning. Various works are being undertaken to functionalise these police station as quickly as possible. Once these Police Stations come up, the 4 Cyber Crime Police Stations will have the jurisdictions range wise. It means that Thiruvananthapuram Cyber Crime Police Station will have the control over the Districts of Thiruvananthapuram Range/ Kochi Cyber Crime Police Station will have the control over Districts of Kochi Range/ Thrissur Cyber Crime Police Station will have the control over the Districts of Thrissur Range & Kozhikode Cyber Crime Police will have the control over District of Kannur Range. These Police Stations will be under the control of the Range IsGP. However the administrative control for drawing salary etc. will be with the DPC Tvpm. City/ Kochi City/Thrissur City & Kozhikode City respectively. They will be investigating cyber Crime related matters, after being recommended by the concerned DPCs. Though all these police stations directly can take up complaints and register cases, initially, it is desirable that such IT Act Cases are registered in the concerned police stations and then on the recommendations of the DPCs, concerned Range IsGP may transfer them to these Cyber Crime Police Stations.
6. **Cyber Crime Investigation Cells in Police Stations** : 2-3 Police Officials in each police station have been trained in basics of cyber crime investigation. The idea is to register FIRs in the Police Stations relating to any cyber crime reported in the police stations. These officials will assist the SHOs in investigation of Cyber Crimes, which are simple cases. After a particular Cyber

Crime is registered in the PS, which is complex in nature, then that case should be transferred as mentioned above to the Cyber Crime Police Station by the IsGP concerned on the recommendations of the DPCs concerned. The Cyber Cells will also work mutually in complimentary manner with these cyber crime police stations. Our effort is to open one cyber crime police station in each Police District under a District Cyber Crime Investigation Division under an IGP. This will take some time.

7. In addition to the above centres, various portals have come up relating to crimes against women and children etc. These portals are being administered by the Central Govt. The different portals and the Nodal Officers are as below;

   1. CCTNS - Citizen Portal - ADGP (SCRB)
   2. Emergency Response Service System (ERSS) - ADGP (HQ)
   2. Cyber Crime Reporting Portal - IGP (Crimes)

All the officers in Kerala Police must understand various activities as mentioned above, so that there is no confusion in future.

**Loknath Behera IPS**
DGP & State Police Chief

To

All Unit Heads

All Officers in PHQ/ CA to SPC
ED File

— 85 —

**No. S2/21534/2017/PHQ**

പോലീസ് ആസ്ഥാനം, കേരളം,
തിരുവനന്തപുരം
തീയതി. 21/09/2018

## എക്സിക്യൂട്ടിവ് ഡയറക്ടീവ് നം: 41/2018

**വിഷയം : കേരളാ പോലീസിലെ വിവരസാങ്കേതിക സംവിധാനം – സംബന്ധിച്ച്.**

നിലവിൽ, കേരളാ പോലീസിന് ചുവടെ ചേർത്തിട്ടുള്ള വിവരസാങ്കേതിക വിഭാഗങ്ങൾ ഉണ്ട്. ഈ വിഭാഗങ്ങൾ വിവിധ ചുമതലകൾ നിർവ്വഹിച്ചുവരുന്നു. ഈ വിഭാഗങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് വ്യക്തതവരുത്തുന്നതിനായാണ് ഈ എക്സിക്യൂട്ടീവ് ഡയറക്ടീവ് പുറപ്പെടുവിക്കുന്നത്.

**01. പോലീസ് കമ്പ്യൂട്ടർ സെന്റർ (ICT സെന്റർ):** പോലീസ് കമ്പ്യൂട്ടർവൽക്കരണത്തിനായുള്ള ഒരു പ്രത്യേക വിഭാഗമാണ് ഇത്. ഡാറ്റാ മാനേജ്മെന്റ് ഉൾപ്പെടെയുള്ള വിവിധ കമ്പ്യൂട്ടർ വൽക്കരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ICT, NCRB, MHA തുടങ്ങിയവ തദ്ദേശീയമായി വികസിപ്പിച്ചെടുത്ത സോഫ്റ്റ്‌വെയറുകൾ, മറ്റ് പദ്ധതികൾ എന്നിവയും CCTNS പദ്ധതിയുടെ നടത്തിപ്പിന്റെ ചുമതലയും ഈ സെന്ററിനാണ്. കൂടാതെ കേരളാ പോലീസ് വികസിപ്പിച്ചെടുത്ത/ആർജ്ജിച്ചിട്ടുള്ള വിവിധ മൊബൈൽഫോൺ ആപ്ലിക്കേഷനുകളും ഈ വിഭാഗം കൈകാര്യം ചെയ്യുന്നു. കേരളാ പോലീസിനു കീഴിലുള്ള ഓഫീസുകളിലെ കമ്പ്യൂട്ടർവൽക്കരണ പദ്ധതിയായ iAPS ന്റെ നടത്തിപ്പ് ഈ വിഭാഗത്തിന്റെ ചുമതലയാണ്. കൂടാതെ വിവിധ കമ്പ്യൂട്ടർവൽക്കരണ പദ്ധതികളിൽ സംസ്ഥാന പോലീസ് മേധാവിക്ക് ഉപദേശം നൽകുകയും ടെലികമ്മ്യൂണിക്കേഷൻ വിഭാഗവുമായി ചേർന്നുകൊണ്ട് സംസ്ഥാനമൊട്ടാകെയുള്ള പോലീസ് വകുപ്പിന്റെ കമ്പ്യൂട്ടർ വിഭവങ്ങൾ പരിപാലിക്കുകയും ചെയ്യുന്നു.

**02. സൈബർ ഡോം:** പ്രധാനമായും സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങൾ നോക്കി നടത്തുന്ന ഒരു പോലീസ് പൊതുജന പങ്കാളിത്ത (PPP) മാതൃകയിലുള്ള വിഭാഗമാണ് സൈബർ ഡോം. സോഫ്റ്റ്‌വെയർ വിപുലീകരണ രംഗത്ത് പ്രവർത്തിക്കുന്ന ഡെവലപ്പർമാർ പോലീസുമായി യോജിച്ച് പ്രവർത്തിച്ച് വിവിധ പ്രോഗ്രാമുകൾ/സോഫ്റ്റ് വെയറുകൾ/അനലിറ്റിക്കൽ ടൂളുകൾ എന്നിവ വികസിപ്പിക്കുകയും, വിവിധ യൂണിറ്റുകൾ, ഇവയെ സൈബർ കുറ്റകൃത്യപ്രതിരോധം/ഡിജിറ്റൽ തെളിവുശേഖരണം/ സാമൂഹ്യ മാധ്യമ അവലോകനം എന്നിവയ്ക്കായി ഉപയോഗിക്കുന്നതിന് സഹായിക്കുകയും ചെയ്യുന്നു. സൈബർ ഡോം യാതൊരുവിധ സൈബർ കുറ്റാന്വേഷണത്തിലും ഉൾപ്പെടുന്നില്ല. എന്നാൽ സൈബർ കുറ്റാന്വേഷണത്തിൽ വിവിധ ഉദ്യോഗസ്ഥർക്ക് സഹായം നൽകുന്നുണ്ട്. കേരളാ പോലീസിന് ഉപയോഗപ്രദമാകുന്ന ധാരാളം വിഷയങ്ങൾ ഇവർക്ക് ഗവേഷണത്തിനും/വിപുലീകരണത്തിനുമായി നൽകിയിട്ടുണ്ട്. ഏതൊരുദ്യോഗസ്ഥനും

- 86 -

അന്വേഷണവേളയിൽ സാങ്കേതികമായ സംശയങ്ങൾ ദൂരീകരിക്കുന്നതിനും, അപഗ്രഥനങ്ങൾ നടത്തുന്നതിനും മറ്റുമായി സഹായമഭ്യർത്ഥിച്ചുകൊണ്ട് സൈബർ ഡോം നോഡൽ ഓഫീസറെ ബന്ധപ്പെടാവുന്നതാണ്. നോഡൽ ഓഫീസർ സംസ്ഥാന പോലീസ് മേധാവിയോടാണ് നേരിട്ട് റിപ്പോർട്ട് ചെയ്യുന്നത്. കൊച്ചിയിലും കോഴിക്കോടും സൈബർ ഡോമുകൾ സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ഇവയുടെ പ്രവർത്തനവും തിരുവനന്തപുരത്തെ കേന്ദ്രത്തിന്റെ പ്രവർത്തനത്തിനു സമാനമായിരിക്കും. തുടക്കത്തിൽ, സാമൂഹ്യമാധ്യമ നിരീക്ഷണം തുടങ്ങിയ ചില പ്രവർത്തനങ്ങളായിരിക്കും ഇവർക്ക് നൽകുക.

03. **ഹൈ-ടെക് സെൽ:** എ.ഡി.ജി.പി (ക്രൈംസിന്റെ) നിയന്ത്രണത്തിൽ പോലീസ് ആസ്ഥാനത്ത് പ്രവർത്തിക്കുന്ന ഒരു സംവിധാനമാണ് ഹൈ-ടെക് സെൽ. ഏറ്റവും പുതിയ ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ എന്നിവയിൽ പരിശീലനം സിദ്ധിച്ച ഉദ്യോഗസ്ഥരാണ് ഇവിടെ പ്രവർത്തിക്കുന്നത്. സംസ്ഥാന പോലീസ് മേധാവിക്ക് ലഭിക്കുന്ന IT നിയമ പ്രകാരമുള്ള പരാതികൾ ഇവിടെ വിവരസാങ്കേതികവിദ്യാ സങ്കേതങ്ങളുപയോഗിച്ച് അവലോകനം ചെയ്യപ്പെടുന്നു. ഈ സെൽ ജില്ലകളിലെ സൈബർ സെല്ലുകളെ സാങ്കേതികവിദ്യ ഉൾപ്പടെയുളളവിവിധ വിഷയങ്ങളിൽ സഹായിക്കുന്നു. ഈ സെല്ലിന് എന്തെങ്കിലും തരത്തിലുള്ള അന്വേഷണ അധികാരങ്ങൾ നൽകിയിട്ടില്ല. പരാതികളിലെ സാങ്കേതിക വശങ്ങളുമായി ബന്ധപ്പെട്ട് അവലോകനം, അന്വേഷണം തുടങ്ങിയവയാണ് ഈ വിഭാഗത്തിന് നടത്താവുന്നതാണ്. സേവനങ്ങൾ ലഭിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് എ.ഡി.ജി.പി (ക്രൈംസ്) മുഖേന ഹൈ-ടെക് സെല്ലുമായി ബന്ധപ്പെടാവുന്നതാണ്.

04. **ജില്ലാ സൈബർ സെല്ലുകൾ:** എല്ലാ പോലീസ് ജില്ലകളിലും ഒരു ജില്ലാ സൈബർ സെൽ പ്രവർത്തിക്കുന്നു. സൈബർ കുറ്റകൃത്യങ്ങളിൽ അന്വേഷണം നടത്തുവാനും ഡിജിറ്റൽ തെളിവുകൾ ശേഖരിക്കുവാനും ഇവർക്ക് ജില്ലകളിലെ പോലീസ് സ്റ്റേഷനുകളുമായും ജില്ലാ ക്രൈംബ്രാഞ്ചുമായും സഹകരിച്ച് പ്രവർത്തിക്കാവുന്ന താണ്. **സൈബർ സെല്ലുകൾ ഇനി മുതൽ ജില്ലാ ക്രൈം ബ്രാഞ്ച് ഡി.വൈ.എസ്.പി മാർ/എ.സി.പിമാർ മുഖേന ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവിമാർക്ക് റിപ്പോർട്ട് നൽകേണ്ടതാണ്.**

05. **സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ:** നിലവിൽ തിരുവനന്തപുരം ക്രൈം ബ്രാഞ്ചിനു കീഴിൽ സംസ്ഥാനമൊട്ടാകെ അധികാര പരിധിയുള്ള ഒരു സൈബർ ക്രൈം പോലീസ് സ്റ്റേഷൻ മാത്രമാണുള്ളത്. IT നിയമ പ്രകാരമുള്ള പ്രധാന കേസുകൾ ഈ സ്റ്റേഷന് അന്വേഷണത്തിനായി നൽകുന്നു. ഇത്തരം കേസുകൾ CBCID യിലേക്ക് കൈമാറ്റം ചെയ്തശേഷം എ.ഡി.ജി.പി (ക്രൈംസ്) ഇവയെ തിരുവനന്തപുരം സൈബർ ക്രൈം പോലീസ് സ്റ്റേഷന് അന്വേഷണത്തിനായി നൽകുന്നു. എന്നിരുന്നാലും സർക്കാർ ഈ അടുത്തകാലത്ത്, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ 3 സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ട്. ഇവ ഇതുവരെയും പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഈ പോലീസ് സ്റ്റേഷനുകൾ എത്രയും വേഗം പ്രവർത്തന സജ്ജമാക്കുന്നതിനായി വിവിധ ജോലികൾ പൂർത്തീകരിച്ചുവരുന്നു.

ഈ പോലീസ് സ്റ്റേഷനുകൾ നിലവിൽ വന്നുകഴിഞ്ഞാൽ, 4 സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾക്ക് റെയ്ഞ്ച് അടിസ്ഥാനത്തിൽ അധികാരപരിധി അനുവദിക്കുന്നതായിരിക്കും. അതായത് തിരുവനന്തപുരം സൈബർ ക്രൈം പോലീസ് സ്റ്റേഷന് തിരുവനന്തപുരം റെയ്ഞ്ചിലെ ജില്ലകളുടെയും/ കൊച്ചി സൈബർ ക്രൈം പോലീസ് സ്റ്റേഷന് കൊച്ചി റെയ്ഞ്ചിലെ ജില്ലകളുടെയും/ തൃശ്ശൂർ സൈബർ ക്രൈം പോലീസ് സ്റ്റേഷന് തൃശ്ശൂർ റെയ്ഞ്ചിലെ ജില്ലകളുടെയും/ കോഴിക്കോട് സൈബർ ക്രൈം പോലീസ് സ്റ്റേഷന് കണ്ണൂർ റെയ്ഞ്ചിനു കീഴിലെ ജില്ലകളുടെയും മേൽ അധികാരം ഉണ്ടായിരിക്കും. ഈ പോലീസ് സ്റ്റേഷനുകൾ റെയ്ഞ്ച് ഐ.ജി.പി മാരുടെ കീഴിലായിരിക്കും. എന്നിരുന്നാലും ശമ്പളം മാറുന്നതിനും മറ്റുമുള്ള ഭരണ നിയന്ത്രണം യഥാക്രമം ജില്ലാ പോലീസ് മേധാവി തിരുവനന്തപുരം സിറ്റി/കൊച്ചി സിറ്റി/ തൃശ്ശൂർ സിറ്റി/ കോഴിക്കോട് സിറ്റി എന്നിവർക്കായിരിക്കും. ഇവർ ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവിമാരുടെ ശുപാർശ ലഭിച്ചതിനുശേഷം സൈബർ കുറ്റകൃത്യവുമായി ബന്ധപ്പെട്ട വിഷയങ്ങൾ അന്വേഷിക്കുന്നതായിരിക്കും. ഈ പോലീസ് സ്റ്റേഷനുകൾക്കെല്ലാം നേരിട്ട് പരാതികൾ സ്വീകരിക്കുന്നതിനും കേസുകൾ രജിസ്റ്റർ ചെയ്യുന്നതിനും അധികാരമുണ്ടെങ്കിലും, തുടക്കത്തിൽ ഇത്തരം IT നിയമം സംബന്ധിച്ച കേസുകൾ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ തന്നെ രജിസ്റ്റർ ചെയ്യേണ്ടതും, തുടർന്ന് ജില്ലാ പോലീസ് മേധാവിമാരുടെ ശുപാർശ പ്രകാരം ബന്ധപ്പെട്ട റെയ്ഞ്ച് ഐ.ജി മാർക്ക് ഇവ സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾക്ക് കൈമാറാവുന്നതാണ്.

06. **പോലീസ് സ്റ്റേഷനുകളിലെ സൈബർ കുറ്റാന്വേഷണ സെല്ലുകൾ:** ഓരോ പോലീസ് സ്റ്റേഷനിലും 2-3 പോലീസ് ഉദ്യോഗസ്ഥർക്ക് സൈബർ കുറ്റാന്വേഷണത്തിൽ പ്രാഥമിക പരിശീലനം നൽകിയിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന സൈബർ കുറ്റ കൃത്യങ്ങളിൽ പോലീസ് സ്റ്റേഷനുകളിൽ തന്നെ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യുക എന്നതാണ് ഇതിന്റെ ഉദ്ദേശം. സങ്കീർണ്ണമല്ലാത്ത തരം സൈബർ കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിന് ഈ ഉദ്യോഗസ്ഥർ എസ്.എച്ച്.ഒ. മാരെ സഹായിക്കേണ്ടതാണ്. സങ്കീർണ്ണ സ്വഭാവത്തിലുള്ള ഏതെങ്കിലും സൈബർ കുറ്റകൃത്യം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തുകഴിഞ്ഞാൽ ആ കേസ് മേൽ സൂചിപ്പിച്ച പ്രകാരം ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവിമാരുടെ ശുപാർശ അനുസരിച്ച്, ബന്ധപ്പെട്ട റെയ്ഞ്ച് ഐ.ജി.പിമാർ സൈബർ പോലീസ് സ്റ്റേഷനുകൽക്ക് കൈമാറേണ്ടതാണ്. സൈബർ സെല്ലുകളും ഈ സൈബർ ക്രൈം പോലീസ് സ്റ്റേഷനുകളും പരസ്പരപൂരകമായ രീതിയിൽ പ്രവർത്തിക്കേണ്ടതാണ്. ഓരോ പോലീസ് ജില്ലകളിലും ജില്ലാ സൈബർ കുറ്റാന്വേഷണ വിഭാഗത്തിനുകീഴിൽ, ഒരു ഐ. ജി.പി ക്കു കീഴിൽ ഒരു സൈബർ ക്രൈം പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനായാണ് നമ്മുടെ പരിശ്രമം. ഇതിന് കുറച്ച് സാവകാശം വേണ്ടതായിട്ടുണ്ട്.

07. മുകളിൽ സൂചിപ്പിച്ച കേന്ദ്രങ്ങൾക്ക് പുറമേ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ടും മറ്റ് പ്രധാന വിഷയങ്ങളോടു ബന്ധപ്പെട്ടും വിവിധ പോർട്ടലുകൾ നിലവിലുണ്ട്. ഈ പോർട്ടലുകൾ കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിൻ

കീഴിലാണ്. വിവിധ പോർട്ടലുകളുടെയും അവയുടെ നോഡൽ ഓഫീസർമാരുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. സി.സി.റ്റി. എൻ. എസ് - സിറ്റിസൺ പോർട്ടൽ - ADGP (S C R B)
2. എമർജൻസി റെസ്പോൺസ് സർവ്വീസ് സിസ്റ്റം (E R S S) - ADGP (HQ)
3. സൈബർ ക്രൈം റിപ്പോർട്ടിംഗ് പോർട്ടൽ - IGP (CRIMES)

കേരളാ പോലീസിലെ എല്ലാ ഉദ്യോഗസ്ഥരും മുകളിൽ സൂചിപ്പിച്ച വിവിധ പ്രവർത്തനങ്ങൾ ഭാവിയിൽ ആശയക്കുഴപ്പത്തിനിട നൽകാത്ത വിധം വ്യക്തമായി മനസിലാക്കേണ്ടതാണ്.

ലോക്നാഥ് ബെഹ്റ ഐ. പി. എസ്
സംസ്ഥാന പോലീസ് മേധാവി

ഗ്രാഹകർ : എല്ലാ യൂണിറ്റ് മേധാവിമാർക്കും
പോലീസ് ആസ്ഥാനത്തെ എല്ലാ ഓഫീസർമാർക്കും അറിവിലേക്ക്
സിസ്റ്റം അനലിസ്റ്റിന് പോലീസ് വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിനായി/
എക്സിക്യൂട്ടിവ് രജിസ്റ്റർ/എസ്.പി.സിയുടെ സി.എ

T HT-1700/26/9/18